പദ്ധതിയേതരം	-	27,14,00,000
എം.ജി. സർവ്വകലാശാല പദ്ധതി	-	7,00,00,000
പദ്ധതിയേതരം	-	10,81,00,000
കാലിക്കറ്റ് സർവ്വകലാശാല പദ്ധതി	-	2,85,00,000
പദ്ധതിയേതരം	-	19,55,00,000
കണ്ണൂർ സർവ്വകലാശാല പദ്ധതി	-	3,50,000,000
പദ്ധതിയേതരം	-	ഇല്ല
കൊച്ചി സർവ്വകലാശാല പദ്ധതി	-	4,00,00,000
പദ്ധതിയേതരം	-	10,35,00,000
സംസ്കൃത സർവ്വകലാശാല പദ്ധതി	-	2,00,00,000
പദ്ധതിയേതരം	-	8,05,00,000

(സി) ഗ്രാന്റ് തുക കുറച്ചിട്ടില്ലെന്നു മാത്രമല്ല ഗണ്യമായി വർദ്ധിപ്പിച്ചിട്ടുമുണ്ട്.

66 (2444) കാലിക്കട്ട് യൂണിവേഴ്സിറ്റിയിലെ ലിബറലൈസ്ഡ് ബി.എ/ബി.കോം കോഴ്സുകൾ

ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ നടത്തിവരുന്ന ലിബറലൈസ്ഡ് ബി.എ/ ബി.കോം. കോഴ്സുകളെ സംബന്ധിച്ച് ഗവൺമെന്റിന് അറിവുണ്ടോ;

(ബി) ഈ കോഴ്സ് യു.ജി.സി. യുടെ അംഗീകാരത്തോടെയാണ് നടത്തിവരുന്നത് എന്നത് ശരിയാണോ;

(സി) ഈ കോഴ്സിന് ചേരുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) 1990 നുശേഷം ഓരോ വർഷവും എത്രപേർ വീതം ഈ കോഴ്സിന് ചേർന്നു എന്ന് വ്യക്തമാക്കുമോ;

(ഇ) ഈ ഡിഗ്രി സർട്ടിഫിക്കറ്റുകൾ കേരള യൂണിവേഴ്സിറ്റിയും പി. എസ്.സി.യും അംഗീകരിച്ചിട്ടില്ല എന്നത് ശരിയാണോ;

(എഫ്)അംഗീകാരത്തിനായി ഗവൺമെന്റ് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ജി) കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ റെഗുലർ ബി.എ/ബി.കോം കോഴ്സുകൾക്കുള്ള സിലബസ് അനുസരിച്ചാണോ ഈ കോഴ്സ് നടത്തുന്നത്;

(എച്ച്) ഈ ഡിഗ്രി കേരളാ യൂണിവേഴ്സിറ്റിയും കേരള പി.എസ്. സി.യും അംഗീകരിക്കണമെന്നാവശ്യപ്പെട്ട് ഏതെങ്കിലും കോടതികളിൽ നിയമ നടപടികൾ നടന്നുവരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശരിയാണ്.

(സി) അതാതു വർഷം ജൂലൈ 1 ന് 18 വയസ്സ് പൂർത്തിയായവർക്ക് "എസ്.ഡി.ഇ" നടത്തുന്ന പ്രവേശന പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ്. അതിൽ വിജയിക്കുന്നവരെ ഒന്നാം വർഷ ബി.എ/ബി.കോം കോഴ്സിന് ചേർക്കുന്നതാണ്.

(ഡി)

വർഷം	എണ്ണം
1990-91	4198
1991-92	3759
1992-93	3185
1993-94	3500
1994-95	5000
1995-96	5100
1996-97	7537
1997-98	6666
1998-99	8504

(ഇ) കേരള യൂണിവേഴ്സിറ്റി അംഗീകരിച്ചിട്ടില്ല. പൊതുവേ കേരളത്തിലെ സർവ്വകലാശാലകൾ അംഗീകരിച്ചിട്ടുള്ള ഏത് ഡിഗ്രിയും കേരള പി.എസ്.സി. സ്വീകരിക്കുന്നുണ്ടെന്ന് കമ്മീഷൻ സെക്രട്ടറി സർവ്വകലാശാലയെ അറിയിച്ചിട്ടുണ്ട്. എന്നിരുന്നാലും സർവ്വകലാശാലയുടെ ഓപ്പൺ ബി.എ/ബി.കോം ഡിഗ്രി കേരള പി.എസ്.സി. സ്വീകരിക്കാത്തതിന്റെ വ്യക്തമായ കേസ്സുകളുണ്ടെങ്കിൽ അവ കമ്മീഷനെ അറിയിക്കണമെന്നും അത്തരം കേസ്സുകൾ അവയുടെ അർഹത (മെറിറ്റ്) അനുസരിച്ച് പരിശോധിക്കുമെന്നും കമ്മീഷൻ സെക്രട്ടറി അറിയിച്ചിട്ടുള്ളതായി സർവ്വകലാശാല റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(എഫ്) ഈ ഡിഗ്രികൾ അംഗീകരിക്കണമെന്ന് പി.എസ്.സിയോട് സർവ്വകലാശാല ആവശ്യപ്പെട്ടിട്ടുണ്ടെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(ജി) അതെ.

(എച്ച്) ഉണ്ട്. കേരള ഹൈക്കോടതിയിലെ ഒ.പി.നം. 19543/96, 18643/99 എന്നീ കേസ്സുകളിൽ ഹൈക്കോടതി ഹർജിക്കാരുടെ ആവശ്യത്തിന് എതിരായി വിധി തീർപ്പാക്കിയിട്ടുണ്ട്. ഇതിനെതിരെ അപ്പീൽ സമർപ്പിക്കുന്നകാര്യം യൂണിവേഴ്സിറ്റി പരിഗണിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്.

67 (2445) കാലിക്കറ്റ് സർവ്വകലാശാല സിൻഡിക്കേറ്റ്

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാലയിലെ നോമിനേറ്റഡ് സിൻഡിക്കേറ്റ് അധികാരത്തിൽ തുടരുന്നതിന് നിയമ സാധുതയുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly